**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6440** **10-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിൽ പ്രത്യേകമായ ഫയൽ അദാലത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിക്കിടക്കുന്ന മുഴുവൻ ഫയലുകളും തീർപ്പാക്കുന്നതിനായി റവന്യൂ വകുപ്പിൽ പ്രത്യേകമായ ഫയൽ അദാലത്ത് ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അദാലത്ത് നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കും; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | റവന്യൂ വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 2021 സെപ്റ്റംബർ മാസം സെക്രട്ടേറിയറ്റ് തലത്തിലും ഒക്ടോബർ മാസത്തിൽ കമ്മീഷണറേറ്റിലും കളക്ടറേറ്റിലും, നവംബർ മാസത്തിൽ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സെക്രട്ടേറിയേറ്റിലെയും കമ്മീഷണറേറ്റിലെയും ഇടുക്കി ജില്ല ഒഴികെയുള്ള ജില്ലാ കളക്ടറേറ്റുകളിലെയും അദാലത്ത് പൂർത്തിയായിട്ടുണ്ട്. 01.11.2021 മുതൽ താലൂക്ക്തല ഫയൽ അദാലത്ത് ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയുടെ അദാലത്ത് കാലവർഷക്കെടുതി മൂലം നിശ്ചയിച്ച ദിവസം നടത്താനായിട്ടില്ലാത്തതിനാൽ അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. റവന്യൂ വകുപ്പിൽ വർഷങ്ങളായി തീർപ്പാക്കാൻ അവശേഷിക്കുന്നവയും അടിയന്തിര പ്രാധാന്യം ഉള്ളവയുമായ ഫയലുകൾ നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കുകയെന്ന ആത്യന്തിക ലക്ഷ്യം സാർത്ഥകമാകത്തക്ക തരത്തിൽ അദാലത്ത് നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത അദാലത്ത് നടപടികൾ 2021 ഡിസംബർ മാസത്തോടെ പൂർത്തിയാകും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ